LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ്

77 (3830) ശ്രീ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പട്ടികജാതി -പട്ടികവർഗ്ഗ സമുദായാംഗങ്ങളായ വിദ്യാർത്ഥികളുടെ ഫീസ് അടയ്ക്കുന്നത് സർക്കാരാണോ ;

(ബി) എങ്കിൽ ഒരു വിദ്യാർത്ഥിക്ക് എത്ര രൂപയെന്ന കണക്കിലാണ് അടയ്ക്കുന്നത് എന്നും ഇവ ഓരോ കോളേജിലും എത്ര രൂപ നിരക്കിലാണ് അടയ്ക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) ഇവ ഏതെങ്കിലും കരാറിന്റെയോ, വ്യവസ്ഥയുടേയോ അടിസ്ഥാനത്തിലാണോ ഗവൺമെന്റ് കോളേജിലെ നിരക്കിലാണോ അടയ്ക്കുന്നത് ; എങ്കിൽ വിശദാംശങ്ങൾ വ്യവസ്ഥയുടെ കോപ്പിയടക്കം ലഭ്യമാക്കുമോ ?

ഉത്തരം

(എ) അതേ

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തൃശ്ശൂർ ഗവ. ലോ കോളേജിൽ വിദ്യാർത്ഥികളുടെ കൂട്ടത്തോൽവി

78 (3832) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ഗവ. ലോ കോളേജിൽ വിദ്യാർത്ഥികളുടെ കൂട്ടത്തോൽവിയെ സംബന്ധിച്ച് വിദ്യാർത്ഥികളിൽ നിന്ന് സർക്കാരിനോ യൂണിവേഴ്സിറ്റിക്കോ എന്തെങ്കിലും പരാതി ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധമായി ആരെങ്കിലും കോടതിയെ സമീപിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010 ജനുവരിയിൽ നടന്ന പരീക്ഷാഫലത്തെക്കുറിച്ച് വിദ്യാർത്ഥികളുടെ ഒരു പരാതി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ലഭിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കോളേജ് അദ്ധ്യാപകരുടെ ശമ്പളം യു.ജി.സി. പദ്ധതി പ്രകാരം പരിഷ്ക്കരിക്കുന്നതിനുള്ള നടപടി

79 (3833) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജ് അദ്ധ്യാപകരുടെ ശമ്പളം യു.ജി.സി. പദ്ധതി പ്രകാരം പരിഷ്ക്കരിച്ച് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ എന്നു മുതൽക്കാണ് ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടുള്ളത് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പുതിയ പരിഷ്ക്കരണത്തിന്റെ ആനുകൂല്യം ലഭിക്കേണ്ട 1-1-2006 മുതൽക്കുള്ള ശമ്പള കുടിശ്ശിക അദ്ധ്യാപകർക്ക് നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) യു.ജി.സി. അംഗീകരിച്ച പാക്കേജ് സംസ്ഥാനത്ത് പൂർണ്ണമായും നടപ്പാക്കാത്തതിന്റെ കാരണമെന്താണെന്ന് വിശദമാക്കുമോ ;

(ഇ) യു.ജി.സി.യിൽ നിന്നും സംസ്ഥാനത്തിനു ലഭിക്കേണ്ട ഗ്രാന്റ് നഷ്ടപ്പെടാതിരിക്കുന്നതിനും അതുവഴി അദ്ധ്യാപകർക്ക് 1-1-2006 മുതൽക്കുള്ള ശമ്പളകുടിശ്ശിക നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(എഫ്) യു.ജി.സി. നിർദ്ദേശാനുസരണം സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ശമ്പള ഫിക്സേഷനിലും, കരിയർ എൻഹാൻസ്മെന്റിനു നൽകുന്ന അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിക്കുന്നതിലും അനോമലികൾ ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എം.ഫിൽ അഥവാ പി.എച്ച്.ഡി ബിരുദം നേടിയവരും 2005-ൽ സർവ്വീസിൽ പ്രവേശിച്ചവരുമായ അധ്യാപകർക്ക് അതേ യോഗ്യതയുള്ളതും 2006 ജനുവരി 1-നു ശേഷം സർവ്വീസിൽ പ്രവേശിച്ചവരുമായ അദ്ധ്യാപകരെക്കാൾ കുറഞ്ഞ ശമ്പളവും സർവ്വീസിൽ പ്രവേശിക്കുന്നതിനു മുൻപ് നേടിയ എം.ഫിൽ അഥവാ പി.എച്ച്.ഡി. ബിരുദത്തിനു കരിയർ എൻഹാൻസ്മെന്റ് ആയി നൽകുന്ന അഡ്വാൻസ് ഇൻക്രിമെന്റുകൾ ലഭിക്കാത്ത അവസ്ഥയും മൂലമുണ്ടാകുന്ന അനോമലി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) എങ്കിൽ സീനിയറിന് ജൂനിയറേക്കാൾ കുറഞ്ഞ ശമ്പളം ലഭിക്കുന്നതും അഡ്വാൻസ് ഇൻക്രിമെന്റുകൾ നിഷേധിക്കുന്നതുമായ അനോമലി പരിഹരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ ;

(ഐ) സംസ്ഥാനത്തെ എയിഡഡ് കോളേജ് അദ്ധ്യാപകർക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളം അംഗീകരിച്ച് അനുവദിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറേറ്റിലുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) 1-1-2006 മുതൽ 27-2-2010-ലെ സ.ഉ (പി) നമ്പർ.58/10/ഉ.വി.വ എന്ന ഉത്തരവിന്റെ പകർപ്പ് അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്രസഹായം ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക നൽകുമെന്ന് 27.03.2010-ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യം കണക്കിലെടുത്താണ് പാക്കേജ് പൂർണ്ണമായും നടപ്പാക്കാത്തത്. യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച ശമ്പളവും അക്കാദമിക വ്യവസ്ഥകളുമാണ് കേരളത്തിൽ നടപ്പാക്കുന്നത്.

(ഇ) 2010 ജൂൺ 18-ന് മാനവ വിഭവശേഷി മാന്ത്രാലയം വിളിച്ചു ചേർത്ത സംസ്ഥാന വിദ്യാഭ്യാസ മന്ത്രിമാരുടെ യോഗത്തിൽ ബഹു. വിദ്യാഭ്യാസ മന്ത്രി ഇതു സംബന്ധിച്ച് സമർപ്പിച്ച രേഖയുടെ പകർപ്പ് അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.*

(എഫ്) ഇല്ല

(ജി) ഉണ്ട്

(എച്ച്) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഐ) ഇതു സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്.

ലൈബ്രേറിയൻമാർക്ക് യു.ജി.സി. സ്കെയിൽ

80 (3834) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ എത്ര ലൈബ്രേറിയൻമാർക്ക് യു.ജി.സി. സ്കെയിൽ അനുവദിച്ചിട്ടുണ്ട് ;

(ബി) ബാക്കിയുള്ള കോളേജുകളിൽ യു.ജി.സി. നൽകാത്തതിന് എന്ത് തടസ്സമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) എയ്ഡഡ് മേഖലയിലെ എത്ര കോളേജുകളിൽ ലൈബ്രേറിയൻ മാർക്ക് യു.ജി.സി. സ്കെയിൽ ശമ്പളം നൽകുന്നുണ്ട് ; ഇതിനുള്ള ഉത്തരവ് എന്നാണിറങ്ങിയത് ;

(ഡി) ഗവൺമെന്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2 എഫ് കാറ്റഗറിയിൽ വരുന്ന ലൈബ്രേറിയൻമാർക്ക് യു.ജി.സി. ശമ്പള സ്കെയിൽ അനുവദിക്കാൻ ആലോചിക്കുന്നുണ്ടോ ?

ഉത്തരം

(എ&ബി) ലൈബ്രേറിയൻ ഗ്രേഡ് 1 തസ്തികയുള്ള 12 ആർട്സ് ആന്റ് സയൻസ് കോളേജുകളിലാണ് യു.ജി.സി. നടപ്പിലാക്കിയത്. 35 ലൈബ്രേറിയൻ മാർക്ക് ഇതു പ്രകാരം യു.ജി.സി. സ്കെയിൽ അനുവദിച്ചിട്ടുണ്ട്. മറ്റു ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ലൈബ്രേറിയൻ ഗ്രേഡ് 1 തസ്തികയില്ലാത്തതിനാൽ യു.ജി.സി. സ്കീം നടപ്പിലാക്കുന്നത് പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly